©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഏപ്രിൽ 2<br>2nd April 2019<br>1194 മീനം 19<br>19th Meenam 1194<br>1941 ചൈത്രം 12<br>12th Chaithra 1941 | നമ്പർ<br>No. | 14 |

## PART IV

# Private Advertisements and Miscellaneous Notifications

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

### വിജ്ഞാപനം

(1)

നമ്പർ എസ്.ആർ.റ്റി.ഡി.റ്റി./വിജ്ഞാപനം/01/2018-19.

2019 ജനുവരി 5.

(ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 164 വകുപ്പുപ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നത്.)

കേരള സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗത്തിന് പരിഹാരമായി ദക്ഷിണ കേരളത്തിന്റെ പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി കൊല്ലം ലൈൻ പാക്കേജ് എന്ന പേരിൽ ട്രാൻസ്ഗ്രിഡ് പ്രൊജക്ട് 2.0-ന്റെ കീഴിൽ നടത്തിവരുന്ന 110 കെ. വി. ശാസ്താംകോട്ട-ഈസ്റ്റ് കല്ലട 110 കെ. വി. കുണ്ടറ-പാരിപ്പള്ളി, 110 കെ. വി. പാരിപ്പള്ളി-ആറ്റിങ്ങൽ-പോത്തൻകോട്, 66 കെ. വി. ആറ്റിങ്ങൽ-പാലോട് തുടങ്ങിയ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ പ്രവൃത്തിയുടെ ഭാഗമായി സർവ്വെ ജോലികൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ ഉദ്യോഗസ്ഥരോ ജീവനക്കാരോ അവർ ചുമതലപ്പെടുത്തുന്ന പ്രതിനിധികളോ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽപ്പെട്ട ശാസ്താംകോട്ട, വെസ്റ്റ് കല്ലട വില്ലേജുകളിലും കൊല്ലം താലൂക്കിൽപ്പെട്ട ഈസ്റ്റ് കല്ലട, ഇളംപല്ലൂർ, നെടുംപന, അടിച്ചനെല്ലൂർ, കല്ലുവാതുക്കൽ, പാരിപ്പള്ളി എന്നീ വില്ലേജുകളിലും തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽപ്പെട്ട കുടവൂർ, നാവായിക്കുളം, പള്ളിക്കൽ, ചെമ്മരുതി എന്നീ വില്ലേജുകളിലും ചിറയിൻകീഴ് താലൂക്കിൽപ്പെട്ട ആലംകോട്, ആറ്റിങ്ങൽ, അവനവൻചേരി, വർക്കല, കരവാരം, പുളിമാത്, മുടക്കൽ എന്നീ വില്ലേജുകളിലും തിരുവനന്തപുരം താലൂക്കിൽപ്പെട്ട ആണ്ടൂർക്കോണം, മേലേതോന്നക്കൽ, കീഴേതോന്നക്കൽ, പള്ളിപ്പുറം എന്നീ വില്ലേജുകളിലും നെടുമങ്ങാട് താലൂക്കിൽപ്പെട്ട നെല്ലനാട്, വാമനപുരം, കല്ലറ, പാലോട് എന്നീ വില്ലേജുകളിലും അവരുടെ ജോലി സംബന്ധമായി ഏതുസമയത്തും പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണ് എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(2)

നമ്പർ എസ്.ആർ.റ്റി.ഡി.റ്റി./വിജ്ഞാപനം/02/2018-19.

2019 ജനുവരി 8.

(ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 164 വകുപ്പുപ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നത്.)

കേരള സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗത്തിന് പരിഹാരമായി ട്രാൻസ്ഗ്രിഡ് പ്രൊജക്ട് 2.0-ൽ ഉൾപ്പെടുത്തി 66 കെ. വി. ആലുവ-നോർത്ത് പറവൂർ ലൈനിന്റെ ശേഷി വർദ്ധിപ്പിച്ച് 220/110 കെ. വി. എം. സി. എം. വി. ലൈനാക്കി മാറ്റി 110 കെ. വി. ഇടയാർ സബ്സ്റ്റേഷനിലേക്ക് ലിലോ ആക്കി മാറ്റുന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ ഉദ്യോഗസ്ഥരോ ജീവനക്കാരോ അവർ ചുമതലപ്പെടുത്തുന്ന പ്രതിനിധികളോ എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽപ്പെട്ട ആലുവ വെസ്റ്റ്, ചൂർണിക്കര, കടുങ്ങല്ലൂർ എന്നീ വില്ലേജുകളിലും പറവൂർ താലൂക്കിൽപ്പെട്ട ആലങ്ങാട്, കരുമാലൂർ, കോട്ടുവള്ളി എന്നീ വില്ലേജുകളിലും അവരുടെ ജോലി സംബന്ധമായി ഏതുസമയത്തും പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണ് എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ട്രാൻസ്ഗ്രിഡ് സൗത്ത്, കളമശ്ശേരി, എറണാകുളം-683 503.

(ഒപ്പ്)
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ.

### വിജ്ഞാപനം

നമ്പർ ഡി.ബി/ഗസറ്റ്/01/2018-19. 2018 ഡിസെബർ 21.

[1885-ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ട് 16(1)-ാം വകുപ്പ്, 1910-ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 12 മുതൽ 16 വരെ വകുപ്പുകൾ, 2003-ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 67, 164 എന്നീ വകുപ്പുകൾ പ്രകാരം.]

മലപ്പുറം ജില്ലയിലെ ആഡ്യൻപാറ ചെറുകിട വൈദ്യുതി നിലയത്തിൽ നിന്നും പോത്തുകല്ല് 33 കെ. വി. സബ് സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി ആഡ്യാൻപാറയിൽ നിന്നും പോത്തുകല്ല് (പൂളപ്പാടം) വരെ നിർമ്മിക്കുവാനുദ്ദേശിക്കുന്ന 10.5 കി. മീ. 33 കെ. വി. വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട സർവ്വെ, മുറിച്ചുമാറ്റേണ്ട മരങ്ങളുടെ കണക്കെടുപ്പ് പരിശോധന, നിർമ്മാണം തുടങ്ങിയ പ്രവർത്തികൾക്കുവേണ്ടി വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരും, ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റ് വ്യക്തികളും നിലമ്പൂർ താലൂക്കിലെ പോത്തുകല്ല്, ചുങ്കത്തറ, കുറുമ്പലങ്ങോട് എന്നീ വില്ലേജുകളിൽപ്പെട്ട സ്വകാര്യ ഭൂമികൾ ഉൾപ്പെടെയുള്ള വസ്തുക്കളിൽക്കൂടി അവരുടെ നിയമാനുസൃതമായ കൃത്യനിർവഹണത്തിനായി നിശ്ചിത സമയങ്ങളിൽ പ്രവേശിക്കുന്നതാണെന്നുള്ള വിവരം ബന്ധപ്പെട്ടവരെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ട്രാൻസ്മിഷൻ ഡിവിഷൻ,
മുണ്ടുപറമ്പ് പി. ഒ.,
മലപ്പുറം.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.